നിക്ഷിപ്തമായിരിക്കുന്നന പകർപ്പവകാശത്തിന്റെ ലംഘനം ഉൾക്കൊള്ളുന്നതാണെങ്കിലും ആ അപേക്ഷ നിരസിക്കുന്നതിന് കേന്ദ്ര പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്കും സംസ്ഥാന പബ്ലിക് ഇൻഫോർമേഷൻ ഓഫീസർക്കും ഈ നിയമത്തിലെ 9-ാം വകുപ്പ് അധികാരം നൽകുന്നു.

വിവരാവകാശ നിയമപ്രകാരമുള്ള സമയപരിധികൾ

മറ്റൊരു പൊതു അധികാരിയുടെ കെവശമുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിൽ, അപേക്ഷയുടെ കൈമാറ്റത്തിന്	അപേക്ഷ ലഭിച്ച് 5 ദിവസം
അപേക്ഷ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുന്നതിന്	അപേക്ഷ ലഭിച്ച് 30 ദിവസം
ജീവനുമായോ വ്യക്തി സ്വാതന്ത്ര്യവുമായോ ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്	അപേക്ഷ ലഭിച്ച് 48 മണിക്കൂർ
മനുഷ്യാവകാശ ലംഘനം ഉൾക്കൊള്ളുന്ന വിവരങ്ങൾ വെളിപ്പെടുത്തൽ (കമ്മീഷന്റെ അനുമതിക്ക് വിധേയമായി)	അപേക്ഷ ലഭിച്ച് 45 ദിവസം
മൂന്നാം കക്ഷി വിവരങ്ങൾ ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചാൽ മൂന്നാം കക്ഷിക്ക് നോട്ടീസ് നൽകുന്നതിന്	അപേക്ഷ ലഭിച്ച് 5 ദിവസം
മൂന്നാം കക്ഷി ഭാഗം ആക്ഷേപം ബോധിപ്പിക്കുന്നതിന് -	അറിയിപ്പ് ലഭിച്ച് 10 ദിവസം
ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന് ആദ്യ അപ്പീൽ ബോധിപ്പിക്കുന്നതിന്	തീരുമാനം ലഭിച്ച്/ തീരുമാനം ലഭിക്കേണ്ടുന്ന നിശ്ചിത സമയപരിധി കഴിഞ്ഞ് 30 ദിവസം **
കേന്ദ്ര/ സംസ്ഥാന വിവരാവകാശ കമ്മീഷന് രണ്ടാം അപ്പീൽ ബോധിപ്പിക്കുന്നതിന്	തീരുമാനം ലഭിക്കേണ്ടുന്ന/ തീരുമാനം ലഭിച്ച ദിവസം മുതൽ 90 ദിവസം **
മൂന്നാം കക്ഷി അപ്പീൽ ബോധിപ്പിക്കുന്നതിന്	അറിയിപ്പ് ലഭിച്ച് 30 ദിവസം
ആദ്യ അപ്പീൽ തീർപ്പാക്കുന്നതിന്	അപ്പീൽ സ്വീകരിച്ച് 30 ദിവസം (മതിയായ കാരണങ്ങൾ രേഖപ്പെടുത്തി 45 ദിവസം വരെ ദീർഘിപ്പിക്കാം)
വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്തുന്നതിന്	20 വർഷം

* വിവരങ്ങൾ നൽകുന്നതിന് ചുമത്തിയിട്ടുള്ള അധിക ഫീസ് നൽകുന്നതിന് അറിയിപ്പ് നൽകിയ ദിനം മുതൽ ഫീസ് അടവാക്കുന്നതു വരെയുള്ള കാലയളവ് ഇതിന്റെ കൂടെ കൂട്ടുന്നതാണ്.

** മതിയായ കാരണങ്ങളുണ്ടെങ്കിൽ അപ്പീലുകൾ നിശ്ചിത സമയപരിധിക്ക് ശേഷവും സ്വീകരിക്കും.

കേരള ലോക്ആയുക്ത നിയമം 1999

പൊതുസേവനരംഗത്തുള്ള അഴിമതി തുടച്ചുനീക്കുകയെന്ന ലക്ഷ്യം വെച്ചുകൊണ്ട് രൂപം കൊടുത്തിരിക്കുന്ന നിയമമാണ് 1999ലെ ലോക്ആയുക്ത നിയമം. അതുവരെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 1987 ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻ & ഇൻക്വയറീസ്) ആക്ട്, പൊതുപ്രവർത്തകർക്കിടയിലുള്ള അഴിമതി തടയുന്നതിൽ കാര്യക്ഷമമല്ല എന്നുകണ്ടതിനാലാണ് കൂടുതൽ വിപുലമായതും സങ്കീർണമായതുമായ ഈ നിയമം ഗവൺമെന്റ് പാസ്സാക്കിയിരിക്കുന്നത്. ആയതിനാൽ, ഈ നിയമമനുസരിച്ച് പൊതുപ്രവർത്തകർ എന്ന നിർവചനത്തിന്റെ വ്യാപ്തി മുൻ നിയമത്തെ അപേക്ഷിച്ച് വളരെ വിപുലമാണ്. അതുപോലെ തന്നെ, ഈ നിയമമനുസരിച്ച് ഒരു പൊതുപ്രവർത്തകനെതിരായ പരാതിയിന്മേലുള്ള അന്വേഷണവും വിചാരണയും മറ്റു നടപടികളും കൂടുതൽ കാര്യക്ഷമവുമാണ്.

നിയമസഭ സമ്മേളനത്തിലില്ലാതിരുന്ന സമയമായതിനാലും വളരെ പെട്ടെന്നു തന്നെ ഈ നിയമം നടപ്പിൽ വരുത്തണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നതിനാലും ഇന്ത്യൻ പ്രസിഡണ്ടിന്റെ അനുമതിക്ക് വിധേയമായി 1998 നവംബർ 15ന് ഈ നിയമം ഒരു ഓർഡിനൻസിന്റെ രൂപത്തിൽ ഗവർണർ വിജ്ഞാപനം ചെയ്യുകയുണ്ടായി. അതിനാൽ 1998 നവംബർ 15 മുതൽ സംസ്ഥാനത്ത് ഈ നിയമത്തിന് പ്രാബല്യമുണ്ട്. പിന്നീട് ഈ ഓർഡിനൻസിന് പകരം നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയും അത് 1999ലെ കേരള ലോക്ആയുക്ത നിയമമായി മാറുകയുമാണുണ്ടായത്.

പൊതുപ്രവർത്തകൻ ആര്?

1999ലെ കേരള ലോക്ആയുക്ത നിയമത്തിലെ 2(ഒ) വകുപ്പനുസരിച്ച് താഴെ കൊടുത്തിരിക്കുന്നവരാണ് പൊതുപ്രവർത്തകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

(i) മുഖ്യമന്ത്രി

(ii) ഒരു മന്ത്രി

(iii) കേരളസംസ്ഥാന നിയമസഭയിലെ ഒരംഗം

(iv) ഒരു ഗവൺമെന്റ് ജീവനക്കാരൻ

(v) സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം മൂലമോ നിയമത്തിനു കീഴിലോ സ്ഥാപിക്കപ്പെട്ട ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഒരു ഗവൺമെന്റ് കമ്പനി, 1956 ലെ കമ്പനി നിയമത്തിലെ 617-ാം വകുപ്പിൽ പ്രസ്താവിച്ച പ്രകാരമുള്ള ഒരു ഗവൺമെന്റ് കമ്പനി, കാലാകാലങ്ങളിൽ ഗവൺമെന്റ് വിജ്ഞാപനം വഴി ഗവൺമെന്റിന് ധനപരമായ താൽപ്പര്യമുള്ളതായി വ്യക്തമാക്കുന്ന മറ്റു കോർപ്പറേഷനുകളോ ബോർഡുകളോ ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി ബോഡിയിലെയോ, കോർപ്പറേഷനിലെയോ ചെയർമാൻ, വൈസ് ചെയർമാൻ (അവർ ഏതു പേരിൽ അറിയപ്പെട്ടിരുന്നാലും) അല്ലെങ്കിൽ ഒരംഗം.

(vi) കേരള ഗവൺമെന്റ് രൂപം കൊടുത്ത സ്റ്റാറ്റ്യൂട്ടറിയോ, നോൺ സ്റ്റാറ്റ്യൂട്ടറിയോ ആയ ഒരു കമ്മിറ്റിയിലെയോ ബോർഡിലെയോ, അതോറിറ്റിയിലെയോ, കോർപ്പറേഷനിലെയോ ഒരംഗം.

(vii) താഴെ പറയുന്നവയിൽ സേവനമനുഷ്ഠിക്കുകയോ അവയിൽ നിന്നും ശമ്പളം പറ്റുകയോ ചെയ്യുന്ന ഒരു വ്യക്തി.

(a) സംസ്ഥാനത്തെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം

(b) സംസ്ഥാന നിയമമനുസരിച്ചോ കേന്ദ്ര നിയമമനുസരിച്ചോ സ്ഥാപിച്ചിട്ടുള്ളതും കേരളാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനമല്ലാത്ത ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി അല്ലെങ്കിൽ ഒരു കോർപ്പറേഷനോ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഗവൺമെന്റിന് ധനപരമായ താൽപര്യമുണ്ടെന്ന് വ്യക്തമാക്കുന്ന മറ്റേതെങ്കിലും ബോർഡോ കോർപ്പറേഷനോ.

(c) കേരള ഗവൺമെന്റിന് 51 ശതമാനത്തിൽ കുറയാതെ ഓഹരി മൂലധനമുള്ളതും 1956ലെ കമ്പനി നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ഒരു കമ്പനിയോ അത്തരം കമ്പനികളുടെ അനുബന്ധമായുള്ള മറ്റേതെങ്കിലും കമ്പനിയോ.

(d) കേരളഗവൺമെന്റിന്റെ നിയന്ത്രണത്തിനു വിധേയമായതും ഇതു സംബന്ധിച്ച് ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതും 1955ലെ ട്രാവൻകൂർ -കൊച്ചിൻ ലിറ്റനറി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് രജിസട്രേഷൻ ആക്ടിന് കീഴിലോ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിന് കീഴിലോ രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയ ഒരു സൊസൈറ്റി.

(e) 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

(f) കേരളസംസ്ഥാനത്തെ ഏതെങ്കിലും നിയമത്തിലോ നിയമത്തിൻ കീഴിലോ സ്ഥാപിക്കപ്പെട്ട ഒരു സർവ്വകലാശാല.

മുകളിൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരോ അവയിൽ നിന്നും ശമ്പളം പറ്റുന്നവരോ പൊതുപ്രവർത്തകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

(viii)1926ലെ ഇന്ത്യൻ ട്രേഡ് യൂണിയൻസ് നിയമമനനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ട്രേഡ് യൂണിയന്റെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ അല്ലെങ്കിൽ മറ്റേതെങ്കിലും ഓഫീസ് ഭാരവാഹി.

(ix) ഒരു രാഷ്ട്രീയ പാർട്ടിയുടെ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള ചെയർമാൻ, വൈസ് ചെയർമാൻ, പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ അല്ലെങ്കിൽ മറ്റേതെങ്കിലും ഓഫീസ് ഭാരവാഹി.

(x) 1958 ലെ കേരള വിദ്യാഭ്യാസ നിയമവും അതനുസരിച്ച് രൂപം കൊടുത്ത ചട്ടങ്ങളും അനുസരിച്ച് കേരള ഗവൺമെന്റിൽ നിന്നും സഹായധനമോ ഗ്രാന്റോ ലഭിച്ചിട്ടുള്ളതോ ലഭിക്കുന്നതോ ആയതും വ്യക്തിയുടെയോ കോർപ്പറേറ്റ് മാനേജ്മെന്റിന്റെയോ കീഴിലുള്ളതുമായ ഒരു സ്വകാര്യ സ്കൂളിന്റെ ഭരണപരമായ കാര്യങ്ങളിൽ നിയന്ത്രണമുള്ള ചെയർമാൻ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ കറസ്പോണ്ടന്റ്.

(xi) സംസ്ഥാനത്തെ ഒരു സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും 1972 ലെ പ്രൈവറ്റ് അഫിലിയേറ്റഡ് കോളേജസ് (ആർട്സ് & സയൻസ് കോളേജസ്) സ്റ്റാഫ് ഡയരക്ട് പേമെന്റ് ഓഫ് സാലറി റൂൾസ് അനുസരിച്ച് ഭരിക്കപ്പെടുന്നതും, യൂണിറ്ററി അല്ലെങ്കിൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ളതുമായ ഒരു സ്വകാര്യ കോളേജിന്റെ ഭരണ നിയന്ത്രണമുള്ള ചെയർമാൻ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ കറസ്പോണ്ടന്റ്.

(xii) സംസ്ഥാനത്തെ ഒരു സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും കേരള ഗവൺമെന്റിൽ നിന്നും ഒരു യൂനിറ്ററി മാനേജ്മെന്റിന്റെയോ ഒരു കോർപ്പറേറ്റ് മാനേജ്മെന്റിന്റെയോ കീഴിലുള്ളതുമായ ഒരു സ്വകാര്യ കോളജിന്റെ ഭരണനിയന്ത്രണത്തി ലുള്ളതുമായ ഒരു സ്വകാര്യ കോളേജിന്റെ ഭരണനിയന്ത്രണമുള്ള ചെയർമാൻ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ കറസ്പോണ്ടന്റ്.

(xiii)സംസ്ഥാനത്തെ ഒരു സർവ്വകലാശാലയുമായോ കേരളസംസ്ഥാന സാങ്കേതിക പരീക്ഷാബോർഡുമായോ അഫിലിയേറ്റ് ചെയ്തിരിക്കുന്നതും 1972 ലെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും സ്റ്റാഫിനുള്ള ശമ്പളം നൽകുന്നതിനുള്ള ചട്ടങ്ങളാൽ ഭരിക്കപ്പെടുന്നതും യൂനിറ്ററി അല്ലെങ്കിൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ളതുമായ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിന്റെയോ സ്വകാര്യ പോളിടെക്നിക്കിന്റെയോ ഭരണനിയന്ത്രണമുള്ള ചെയർമാൻ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ കറസ്പോണ്ടന്റ്.

മുകളിൽ പ്രസ്താവിക്കപ്പെട്ട തരത്തിൽ വിവിധ സ്ഥാനങ്ങളിലുള്ളവരോ വിവിധ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരോ അവയിൽ നിന്നും ശമ്പളവും മറ്റാനുകൂല്യങ്ങളും നേടുന്നവരോ എല്ലാം തന്നെ കേരള ലോക്ആയുക്ത നിയമമനുസരിച്ച് പൊതുപ്രവർത്തകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു.

ലോക് ആയുക്തയുടെയും ഉപലോക്ആയുക്തയുടെയും നിയമനം

കേരള ലോക്ആയുക്ത നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള അന്വേഷണങ്ങളും വിചാരണകളും നടത്തുന്നതിനു വേണ്ടി സംസ്ഥാന ഗവർണർക്ക് ഒരാളെ ലോക്ആയുക്ത എന്ന പേരിലും മറ്റു രണ്ടുവ്യക്തികളെ ഉപലോക ആയുക്ത എന്നപേരിലും ഈ നിയമത്തിലെ 3-ാം വകുപ്പിലെ (1)-ാം അനുഛേദമനുസരിച്ച് നിയമിക്കാവുന്നതാണ്.

സുപ്രീം കോടതി ജഡ്ജിയായോ, ഹൈക്കോടതി ചീഫ് ജസ്റ്റിസായോ സേവനമനുഷ്ഠിച്ചിട്ടുള്ള ഒരാളെയായിരിക്കണം ലോക്ആയുക്തയായി നിയമിക്കപ്പെടുന്നത്. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം സംസ്ഥാന ഗവർണ്ണറായിരിക്കും ലോക്ആയുക്തയെ നിയമിക്കുന്നത്. സംസ്ഥാന നിയമസഭാ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷ നേതാവുമായും കൂടിയാലോചിച്ച ശേഷമായിരിക്കണം നല്കേണ്ടതെന്ന് ഈ നിയമത്തിലെ 3(2) വകുപ്പിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഉപലോക് ആയുക്തയായി നിയമിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതി ജഡ്ജിയായിരുന്ന ആളോ ആയിരിക്കണം. സംസ്ഥാന ഗവർണറാണ് ഉപലോക് ആയുക്തയെയും നിയമിക്കുന്നത്. സംസ്ഥാന നിയമസഭാ സ്പീക്കറുമായും സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷനേതാവുമായും കൂടിയാലോചിച്ച ശേഷം മുഖ്യമന്ത്രി നല്കുന്ന ഉപദേശപ്രകാരമായിരിക്കണം ഉപലോക് ആയുക്തയെയും നിയമിക്കേണ്ടതെന്ന് ഈ നിയമത്തിലെ 3-ാം അനുഛേദം വ്യക്തമാക്കുന്നു. ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെയാണ് ഉപലോക് ആയുക്തയായി നിയമിക്കുന്നതെങ്കിൽ പ്രസ്തുത കാര്യം ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ചിരിക്കേണ്ടതാണ്.

ലോക് ആയുക്തയായോ ഉപലോക് ആയുക്തയായോ നിയമിക്കപ്പെടുന്ന വ്യക്തി സ്ഥാനമേറ്റെടുക്കുന്നതിന് മുമ്പ് സംസ്ഥാന ഗവർണർ മുമ്പാകെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തിരിക്കണം. ഇക്കാര്യത്തിനുവേണ്ടി സംസ്ഥാന ഗവർണർ നിയമിക്കുന്ന ഒരാളുടെ മുമ്പാകെയും പ്രതിജ്ഞയെടുക്കാവുന്നതാണ്.

ലോക്ആയുക്തയോ ഉപലോക് ആയുക്തയോ ഒരു പാർലിമെന്റംഗമോ, ഏതെങ്കിലും സംസ്ഥാനത്തെ നിയമസഭാംഗമോ ആയിരിക്കുവാൻ പാടില്ല. കൂടാതെ ഇവർ ലോക്ആയുക്ത അല്ലെങ്കിൽ ഉപലോക് ആയുക്ത എന്ന സ്ഥാനമല്ലാതെ പ്രതിഫലം പറ്റുന്ന മറ്റേതെങ്കിലും അന്യപദവിയോ സ്ഥാനമോ കയ്യടക്കിവെക്കുന്നതിനോ ഏതെങ്കിലും ജോലി അനുഷ്ടിക്കുന്നതിനോ പാടുള്ളതല്ല. ലോക് ആയുക്തയോ ഉപലോക ആയുക്തയോ ആയി നിയമിക്കപ്പെടുന്ന വ്യക്തി നിയമരംഗത്ത് പ്രാക്ടീസ് ചെയ്യുന്നയാളാണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അത്തരം പ്രാക്ടീസ് സസ്പെൻഡ് ചെയ്തിരിക്കേണ്ടതാണ്.

1979ലെ കേരള ലോക് ആയുക്ത നിയമം നിലവിൽ വരുന്നതിന് തൊട്ട്മുമ്പുള്ള അഞ്ച്വർഷക്കാലയളവിൽ ഏതെങ്കിലും സമയത്ത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ അംഗമായിരുന്ന ഒരു വ്യക്തി ഈ നിയമം നിലവിൽ വന്നതിനുശേഷം ലോക് ആയുക്തയായോ ഉപലോക് ആയുക്തയായോ ഉള്ള ആദ്യനിയമനത്തിന് അർഹനായിരിക്കുന്നതല്ല. അതുപോലെ തന്നെ ഈ സ്ഥാനങ്ങളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിലേക്ക്, സ്ഥാനം ഒഴിവു വരുന്നതിന് തൊട്ടുമുമ്പുള്ള അഞ്ചു വർഷക്കാലത്ത് ഏതെങ്കിലും സമയം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ അംഗമായ ഒരു വ്യക്തിക്ക് ലോക് ആയുക്തയായോ, ഉപലോക് ആയുക്തയായോ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ലോക് ആയുക്തക്കും ഉപലോക് ആയുക്തയ്ക്കും അന്വേഷണം നടത്താവുന്ന വിഷയങ്ങൾ

1999ലെ കേരള ലോക് ആയുക്ത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ലോക് ആയുക്തയ്ക്കും, പ്രസ്തുത ഉദ്ദേശ്യത്തിനു വേണ്ടി ലോക് ആയുക്ത നാമനിർദ്ദേശം ചെയ്യുന്ന ഉപ ലോക് ആയുക്തമാരിൽ ഒരാൾക്കും കൂടി താഴെ കൊടുത്തിരിക്കുന്നവരിൽ ആരെങ്കിലും എടു ത്തിട്ടുള്ളതോ അവരുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുമതിക്ക് വിധേയമായി എടുത്തിട്ടുള്ളതോ ആയ ഏതൊരു പ്രവൃത്തിയെയും സംബന്ധിച്ച് അന്വേഷണം നടത്താവു ന്നതാണ്.

1) സംസ്ഥാന മുഖ്യമന്ത്രി

2) സംസ്ഥാനത്തെ ഒരു മന്ത്രി

3) സംസ്ഥാന നിയമസഭയിലെ ഒരംഗം

4) ഒരു സെക്രട്ടറി (ചീഫ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, പ്രിൻസിപ്പാൾ സെക്രട്ടറി, സ്പെഷൽ, അഡീഷണൽ സെക്രട്ടറി എന്നിവരുൾപ്പെടെയുള്ള സംസ്ഥാന ഗവൺമെന്റിന്റെ ഒരു സെക്രട്ടറി)

5) സംസ്ഥാനത്തിലുള്ള ഒരു രാഷ്ട്രീയ പാർട്ടിയുടെ ഒരു ഓഫീസ് ഭാരവാഹി

6) സംസ്ഥാന കാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസി ലുള്ള ഒരു ഉദ്യോഗസ്ഥൻ.

മുകളിൽ പ്രസ്താവിച്ചിട്ടുള്ളവരിൽ ആരെങ്കിലുമോ അല്ലെങ്കിൽ അവരുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുമതിക്ക് വിധേയമായതോ കൈക്കൊണ്ട നടപടിയെ സംബന്ധിച്ച് ഒരു ആരോപണം ഉൾക്കൊള്ളുന്നതോ സങ്കടനിവൃത്തി ആവശ്യപ്പെടുന്നതോ ആയ പരാതി സമർപ്പിക്കപ്പെട്ടാൽ പ്രസ്തുത പരാതിയിൽ ലോക് ആയുക്തയും ഒരു ഉപലോക് ആയുക്തയും കൂടി തീരുമാനമെടുക്കേണ്ടതാണ്.

ലോക് ആയുക്തയും മേൽക്കാര്യം അന്വേഷിക്കുന്നതിന് വേണ്ടി നിയോഗിക്കപ്പെട്ട ഉപ ലോക് ആയുകതയും തമ്മിൽ പ്രസ്തുത വിഷയത്തിൽ അഭിപ്രായവ്യത്യാസമുണ്ടാവുകയാണെ ങ്കിൽ ലോക്ആയുക്തയും ഇരു ഉപലോക് ആയുക്തമാരും ഒരുമിച്ച് അന്വേഷണം നടത്തേണ്ടതും അവരിലെ ഭൂരിപക്ഷ തീരുമാനം നിലനില്ക്കുന്നതുമായിരിക്കും.

മുകളിൽ പ്രസ്താവിച്ച വിഭാഗത്തിലുള്ളവരുമായി ബന്ധപ്പെട്ട് ഈ നിയമത്തിൽ എവിടെ യെല്ലാം ലോക് ആയുക്ത എന്ന പദം പ്രയോഗിച്ചിരിക്കുന്നുവോ അതിനെല്ലാം ലോക് ആയുക്ത യും. സാഹചര്യത്തിനനുസരിച്ച് ഒന്നോ ആല്ലെങ്കിൽ രണ്ട് ഉപലോക് ആയുക്തമാരുമോ എന്നാണ് അർത്ഥമാക്കുന്നത്.

എന്നാൽ, മുകളിൽ കൊടുത്തിരിക്കുന്നവരല്ലാതെ, അതായത് മുഖ്യമന്ത്രി, മന്ത്രി, നിയമസ ഭാംഗം, സെക്രട്ടറി, സംസ്ഥാന തലത്തിലുള്ള ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് ഭാരവാഹി, സംസ്ഥാനകാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഖിലേന്ത്യാസർവ്വീസിലുള്ള ഒരു ഉദ്യോ ഗസ്ഥൻ എന്നിവരിലാരെങ്കിലുമല്ലാത്ത, മറ്റേതെങ്കിലും പൊതുപ്രവർത്തകനോ അയാളുടെ പൊതു വായതോ പ്രത്യേകമായതോ ആയ അനുമതിക്കു വിധേയമായോ എടുത്ത ഏതെങ്കിലും പ്രവൃ ത്തിയെ സംബന്ധിച്ച ഒരു സങ്കട നിവൃത്തിയോ ആരോപണമോ ഉൾക്കൊള്ളുന്ന പരാതിയാണ് ലഭിച്ചതെങ്കിൽ അത്തരം പരാതിയിലെ ആരോപണങ്ങളെ സംബന്ധിച്ച് ഈ നിയമത്തിലെ വ്യവ സ്ഥകൾക്ക് വിധേയമായി ഒരു ഉപലോക് ആയുക്തയ്ക്ക് അന്വേഷണം നടത്താവുന്നതാണ്. ഈ വിഷയത്തിൽ ഉപലോക് ആയുക്തയുടെ അഭിപ്രായമനുസരിച്ചുള്ള പരിഹാരമോ നടപടിയോ കൈക്കൊള്ളാവുന്നതുമാണ്.

മുകളിൽ പ്രസ്താവിച്ചവ കൂടാതെ, ഒരു പൊതുപ്രവർത്തകൻ എടുത്തിട്ടുള്ളതോ അയാ ളുടെ പൊതുവായതോ പ്രത്യേകമായതോ ആയ അനുമതിക്ക് വിധേയമായി കൈക്കൊണ്ടിട്ടു

ള്ളതോ ആയ ഏതൊരു നടപടിയെ സംബന്ധിച്ചും, ഗവൺമെന്റ് നിർദ്ദേശിക്കുകയാണെങ്കിൽ ലോക് ആയുക്തക്കോ ഒരു ഉപലോക് ആയുക്തക്കോ അതിന്മേൽ അന്വേഷണം നടത്താവുന്നതാണ്. ഈ നിയമമനുസരിച്ച് ഓരോ ഉപലോക് ആയുക്തമാരും അന്വേഷിക്കേണ്ടുന്ന തർക്കങ്ങൾ ഏതൊക്കെയെന്ന് പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവു മുഖേനയെന്ന് പൊതുവായതോ പ്രത്യേകമായതോ ആയ ഒരു ഉത്തരവു മുഖേന ലോക് ആയുക്തക്ക് ഉപലോക് ആയുക്തമാരെ ചുമതലപ്പെടുത്താം.

ഒരു ഉപലോക് ആയുക്തയുടെ അഭാവമോ, രോഗമോ മറ്റേതെങ്കിലും കാരണമോ മൂലം അയാളുടെ ജോലി നിർവഹിക്കുവാൻ കഴിയാതെ വരുന്ന പക്ഷം മറ്റേ ഉപലോക് ആയുക്തക്ക് ആ ജോലികൾ നിർവ്വഹിക്കാവുന്നതാണ്. രണ്ട് ഉപലോക് ആയുക്തമാരുടെയും അഭാവത്തിൽ ലോക് ആയുക്തക്കും പ്രസ്തുത ജോലികൾ നിർവ്വഹിക്കുന്നതിൽ തടസ്സമുണ്ടായിരിക്കുന്നതല്ല.

ഒരു ഉപലോക് ആയുക്തയെ മുകളിൽ പ്രസ്താവിച്ച പ്രകാരമുള്ള ഉത്തരവിനാൽ ഈ നിയമമനുസരിച്ചുള്ള അന്വേഷണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ മാത്രം കേരള ലോക്ആയുക്ത നിയമത്തിനു കീഴിൽ ആ ഉപലോക് ആയുക്ത നടത്തിയ ഏതെങ്കിലും അന്വേഷണമോ അത്തരം അന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം എടുത്തിട്ടുള്ള നടപടികളോ, ചെയ്തിട്ടുള്ള പ്രവൃത്തികളോ ചോദ്യം ചെയ്യുവാൻ പാടില്ലാത്തതാണ്.

അന്വേഷണ വിധേയമാക്കാൻ പാടില്ലാത്ത കാര്യങ്ങൾ

കേരള ലോക് ആയുക്ത നിയമത്തിലെ രണ്ടാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും വിഷയവുമായി ബന്ധപ്പെട്ട നടപടികളുടെ ഫലമായി ഉണ്ടായ ഒരു പ്രശ്നത്തിന്മേലുള്ള നിവൃത്തി ആവശ്യം ഉൾക്കൊള്ളുന്ന പരാതിയാണ് ലഭിച്ചിരിക്കുന്നതെങ്കിൽ ഈ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്നതിനു വിരുദ്ധമായി ലോക് ആയുക്തയോ ഒരു ഉപലോക് ആയുക്തയോ ഒരു ഉപലോക് ആയുക്തയോ ഈ നിയമപ്രകാരം അന്വേഷണം നടത്തുവാൻ പാടില്ലെന്ന് ഈ നിയമത്തിലെ 8(1)-ാം വകുപ്പിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളാണ് ഈ നിയമത്തിലെ രണ്ടാം പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

a) സ്റ്റേറ്റിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യം അന്വേഷിക്കുന്നതിനു വേണ്ടി കൈക്കൊണ്ട നടപടികൾ.

b) ഒരു വിഷയം കോടതിക്കു വിടണമോ വേണ്ടയോ എന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ കൈക്കൊണ്ട നടപടികൾ.

c) ഭരണകൂടത്തിന് ഇടപാടുകാരുമായോ, വിതരണക്കാരുമായോ ഉള്ള തികച്ചും വാണിജ്യപരമായ ബന്ധങ്ങളെ സംബന്ധിച്ചുള്ള കരാറിലെ വ്യവസ്ഥകളിൽ നിന്നും ഉത്ഭവിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കൈക്കൊണ്ട ഭരണപരമായി നടപടികൾ. എന്നാൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള കരാർ ചുമതലകൾ നിറവേറ്റുന്നതിൽ ദോഷമോ സാരമായ കാലതാമസമോ ഉണ്ടായെന്ന് പരാതിക്കാരൻ ആരോപിക്കപ്പെടുന്ന പക്ഷം ഇതും അന്വേഷണത്തിന് വിധേയമാക്കാവുന്നതാണ്.

d) പൊതുപ്രവർത്തകരുടെ നിയമനം, സ്ഥാനത്തു നിന്നും നീക്കം ചെയ്യൽ, ശമ്പളം, അച്ചടക്കം, വിരമിക്കൽ അല്ലെങ്കിൽ സേവനവ്യവസ്ഥകളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ എന്നിവ. എന്നാൽ പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് എന്നിവയ്ക്കുള്ള അവകാശവുമായി ബന്ധപ്പെട്ടതോ, റിട്ടയർമെന്റ് മൂലമോ സ്ഥാനത്തു നിന്നും നീക്കം ചെയ്യപ്പെടുന്നതു മൂലമോ സേവനം അവസാനിപ്പിക്കുന്നതു കാരണമോ ഉത്ഭവിക്കുന്ന ഏതെങ്കിലും അവകാശവുമായി ബന്ധപ്പെട്ട നടപടികൾ ഇതിൽ ഉൾപ്പെടുന്നില്ല.

e) ബഹുമതികളും അവാർഡുകളും നൽകുന്നത്.

ഇവകൂടാതെ കേരള ലോക് ആയുക്ത നിയമത്തിലെ 8(2)വകുപ്പനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന അവസരങ്ങളിലും ലോക് ആയുക്തയോ ഉപലോക് ആയുക്തയോ ഒരു പരാതിയിൽ അന്വേഷണം നടത്തുവാൻ പാടില്ലാത്തതാണ്.

a) ലോക് ആയുക്തയുടെയോ ഉപലോക് ആയുക്തയുടെയോ മുൻകൂട്ടിയുള്ള അനുമതിക്ക് വിധേയമായി, ഏതെങ്കിലും പ്രവൃത്തിക്കെതിരെ ഔപചാരികമായതും പൊതുവായതുമായ അന്വേഷണം ഉത്തരവിട്ടിട്ടുണ്ടെങ്കിൽ അത്തരം പ്രവൃത്തികൾ.

b) ഏതെങ്കിലും നടപടിക്കാധാരമായ കാര്യം 1952 ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്ട് പ്രകാരമുള്ള അന്വേഷണത്തിന് റഫർ ചെയ്തിട്ടുണ്ടെങ്കിൽ അവ.

c) പരാതിക്കടിസ്ഥാനമായ പ്രവൃത്തി ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന തീയതി മുതൽ അഞ്ചുവർഷക്കാലയളവിന് ശേഷമാണ് ആരോപണം ഉൾക്കൊള്ളുന്ന ഏതെങ്കിലും പരാതി സമർപ്പിക്കപ്പെട്ടതെങ്കിൽ അവ.

എന്നാൽ പരാതി നല്കുന്ന വ്യക്തി നിശ്ചിതസമയത്തിനകം പരാതി നല്കാതിരിക്കാൻ മതിയായ കാരണമുണ്ടായിരുന്നുവെന്ന് ബോധിപ്പിക്കപ്പെടുന്ന പക്ഷം മുകളിൽ പ്രസ്താവിച്ച നിശ്ചിതസമയ പരിധിക്കുശേഷവും ലോക് ആയുക്തക്കോ ഉപലോക് ആയുക്തക്കോ പ്രസ്തുത പരാതി സ്വീകരിക്കാവുന്നതാണ്.

വിവേചനാധികാരത്തിന്റെ പ്രയോഗം ഉൾക്കൊള്ളുന്ന ഭരണപരമായ ഏതെങ്കിലും നടപടിയെ സംബന്ധിച്ച് നിവൃത്തി, ആവശ്യപ്പെടുന്ന പരാതികളിൽ, വിവേചനാധികാരം പ്രയോഗിക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ, അനുചിതമായിട്ടാണ് പ്രയോഗിച്ചതെന്ന് പ്രഥമദൃഷ്ട്യാ പരിഗണിക്കപ്പെടാൻ മാത്രം ഇല്ലായെങ്കിൽ ലോക് ആയുക്തക്കോ ഉപലോക് ആയുക്തക്കോ അത്തരം ഭരണപരമായ നടപടികളെ ചോദ്യം ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതല്ല.

പരാതികളും അന്വേഷണങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

കേരള ലോക്ആയുക്ത നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതൊരു വ്യക്തിക്കും ഈ നിയമമനുസരിച്ച് ലോക് ആയുക്തയോ ഉപലോക് ആയുക്തയോ മുമ്പാകെ പരാതി ബോധിപ്പിക്കാവുന്നതാണെന്ന് ഇതിലെ 9(1) വകുപ്പിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് ലോക് ആയുക്തക്കോ, ഉപലോക് ആയുക്തക്കോ നല്കുന്ന എല്ലാ പരാതികളും നിർദ്ദേശിക്കപ്പെട്ട രൂപത്തിലും രീതിയിലുമായിരിക്കേണ്ടതും ഒരു സത്യവാങ്മൂലം അതോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പരാതി ലഭിച്ചു കഴിഞ്ഞാൽ ഒരു പ്രാഥമികാന്വേഷണം നടത്തി അനുയോജ്യമെന്നു തോന്നുന്ന പക്ഷം ലോക് ആയുക്ത അല്ലെങ്കിൽ ഉപലോക് ആയുക്ത പ്രസ്തുത പരാതിയിന്മേൽ ഈ നിയമപ്രകാരമുള്ള അന്വേഷണം നടത്തേണ്ടതാണ്. അന്വേഷണത്തിന്റെ ഭാഗമായി പരാതിയുടെ ഒരു കോപ്പി ബന്ധപ്പെട്ട പൊതു പ്രവർത്തകനും ഒരു കോപ്പി യുക്താധികാരിക്കും നൽകിയിരിക്കണം. ഇങ്ങിനെ കോപ്പി നല്കിക്കഴിഞ്ഞാൽ പ്രസ്തുത പരാതിയിന്മേൽ ആ പൊതുപ്രവർത്തകനുള്ള ആക്ഷേപം ബോധിപ്പിക്കുന്നതിന് അയാൾക്ക് ഒരവസരം നല്കിയിരിക്കണം. കൂടാതെ, ലോക് ആയുക്തക്കോ, ഉപലോക് ആയുക്തക്കോ അനുയോജ്യമെന്ന് തോന്നുന്ന പക്ഷം പരാതിയുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകളുടെ സുരക്ഷിതത്വത്തിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

മുകളിൽ പ്രസ്താവിച്ചി പ്രകാരം ലോക് ആയുക്തയോ ഉപലോക് ആയുക്തയോ നടത്തുന്ന അന്വേഷണങ്ങളുടെ നടപടികൾ കേസുകളുടെ സാഹചര്യമനുസരിച്ച് തുറസ്സായോ രഹസ്യമായോ നടത്താവുന്നതാണ്.

എന്നാൽ, സങ്കട നിവൃത്തി ആവശ്യപ്പടുന്നതിനോ ആരോപണമുൾക്കൊള്ളുന്നതോ ആയ ഏതൊരു പരാതിയിലും താഴെ പറയുന്ന സാഹചര്യങ്ങളിൽ ലോക് ആയുക്തക്കോ ഉപലോക് ആയുക്തക്കോ അവരുടെ വിവേചനാധികാരമുപയോഗിച്ച് അന്വേഷണം നിരസിക്കുകയോ അന്വേഷണം അവസാനിപ്പിക്കുകയോ ചെയ്യാം.

a) പരാതിയിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഗൗരവസ്വഭാവമില്ലാത്തതോ, ദുരുദ്ദേശ്യപരമോ ഉത്തമവിശ്വാസത്തിലുള്ളതല്ലെന്നോ ബോധപ്പെട്ടാൽ.

b) അന്വേഷണം നടത്തുന്നതിനോ, അന്വേഷണം തുടങ്ങിയതാണെങ്കിൽ അവ തുടരുന്നതിനോ മതിയായ അടിസ്ഥാനമില്ലെന്ന് ബോധ്യപ്പെടുകയാണെങ്കിൽ

c) പരാതിക്കാരന് മറ്റു പരിഹാരമാർഗ്ഗങ്ങൾ ലഭ്യമാണെന്നും കേസിന്റെ സാഹചര്യമനുസരിച്ച് അത്തരത്തിലുള്ള മറ്റു പരിഹാരമാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതാണ് പരാതിക്കാരന് കൂടുതൽ അനുയോജ്യമെന്നും അഭിപ്രായമുണ്ടാവുകയാണെങ്കിൽ.

ഇത്തരം സാഹചര്യങ്ങളിൽ ലോക് ആയുക്തക്കോ ഒരു ഉപലോക് ആയുക്തക്കോ അവരുടെ വിവേചനാധികാരമുപയോഗിച്ച് കേസിൽ അന്വേഷണം നടത്താതിരിക്കുകയോ അന്വേഷണം അവസാനിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

ഏതെങ്കിലും കേസുകളിൽ ലോക് ആയുക്തയോ ഒരു ഉപലോക് ആയുക്തയോ ഒരു പരാതി പരിഗണനയ്ക്കെടുക്കാതിരിക്കുന്നതിനോ അല്ലെങ്കിൽ ഒരു പരാതിയിലെ അന്വേഷണം അവസാനിപ്പിക്കുന്നതിനോ തീരുമാനമെടുത്താൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും അവ പരാതിക്കാരനെയും ബന്ധപ്പെട്ട പൊതുപ്രവർത്തകനെയും അറിയിച്ചിരിക്കേണ്ടതുമാണ്.

എന്നാൽ, ഈ നിയമത്തിലെ 9-ാം വകുപ്പിലെ 7-ാം ഉപവകുപ്പനുസരിച്ച് ഒരു പൊതുപ്രവർത്തകൻ എടുത്ത നടപടിയെ സംബന്ധിച്ച് ഈ നിയമപ്രകാരം നടന്നുകൊണ്ടിരിക്കുന്ന അന്വേഷണം, അത്തരം നടപടിയെയോ, അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന വിഷയത്തിന്മേൽ മറ്റേതെങ്കിലും പൊതുപ്രവർത്തകർക്ക് തുടർനടപടി എടുക്കുന്നതിനുള്ള അധികാരത്തെയോ കടമയെയോ ബാധിക്കുന്നതല്ല.

ലോക് ആയുക്തയുടെയോ ഒരു ഉപലോക് ആയുക്തയുടെയോ മുമ്പാകെ ഈ നിയമമനുസരിച്ച് വരുന്ന എല്ലാ നടപടികളിലും സ്റ്റേറ്റ് ഒരു പാർട്ടിയായിരിക്കേണ്ടതും, ബന്ധപ്പെട്ട ലോക് ആയുക്തയോ ഉപലോക് ആയുക്തയോ മുമ്പാകെ ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്നതിന് ഒരു സ്പെഷ്യൽ അറ്റോണിയെയും ഒന്നോ അതിൽ കൂടുതൽ സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കേണ്ടതുമാണെന്ന് 9(8) വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ സർക്കാരിന്റെ താല്പര്യം തീരെ ഉൾപ്പെട്ടിട്ടില്ലാത്ത കേസുകളിൽ സ്റ്റേറ്റ് ഒരു പാർട്ടിയായിരിക്കണമെന്ന് നിർബന്ധമല്ല.

പരാതിയുടെ രൂപവും രീതിയും

ഇപ്പോൾ പ്രാബല്യത്തിലുള്ള കേരള ലോക്ആയുക്ത നിയമത്തിന് അനുബന്ധമായി പരാതി ബോധിപ്പിക്കേണ്ട രീതിയെയോ, രൂപത്തെയോ സംബന്ധിച്ച് പ്രത്യേകചട്ടങ്ങളൊന്നും രൂപം കൊടുത്തിട്ടില്ല. എന്നാൽ 1998ലെ കേരള ലോക് ആയുക്ത ഓർഡിനൻസിന് അനുബന്ധമായി രൂപം കൊടുത്ത 1999ലെ കേരള ലോക് ആയുക്ത (പരാതിയുടെ രൂപവും രീതിയും) ചട്ടങ്ങൾ അനുസരിച്ച് ലോക് ആയുക്ത മുമ്പാകെ ബോധിപ്പിക്കേണ്ട പരാതിയുടെ രൂപം ചട്ടം 3 ന് അനുബന്ധമായുള്ള പട്ടികയിൽ കൊടുത്തിട്ടുണ്ട്. അവ താഴെകൊടുത്തിരിക്കുന്ന പ്രകാരമാണ്.

1999ലെ കേരള ലോക്ആയുക്ത നിയമപ്രകാരം രൂപീകൃതമായ
ലോക് ആയുക്ത മുമ്പാകെ

പരാതി നമ്പർ /20

പരാതിക്കാരന്റെ പേരും വിലാസവും - പരാതിക്കാരൻ

എതൃകക്ഷിയുടെ പേരും ഔദ്യോഗിക വിലാസമുണ്ടെങ്കിൽ അതും മേൽവിലാസവും - എതൃകക്ഷി

1. പരാതിക്കാരന്റെ പേര് :

2. അച്ഛന്റെ അല്ലെങ്കിൽ ഭർത്താവിന്റെ പേര് :

3. a) വയസ്സ് :

b) തൊഴിൽ :

c) പരാതിക്കാൻ ഒരു പൊതുപ്രവർത്തകനോ ഒരു സർവ്വീസ് സംഘടനയോ, ഒരു ട്രേഡ് യൂനിയനോ എന്ന് :

4. സ്ഥിരമായ മേൽവിലാസം :

a) പേര് :

b) വീട്ടുനമ്പർ :

c) തെരുവ്/ റോഡ് :

d) വില്ലേജ്/വാർഡ് :

e) പോസ്റ്റ് ഓഫീസ് :

f) താലൂക്ക് :

g) ജില്ല :

5. പരാതിയിൽ കൊടുത്തിരിക്കുന്ന ആരോപണങ്ങളുമായോ സങ്കടങ്ങളുമായോ ബന്ധപ്പെട്ട് ആരോപിക്കപ്പെട്ടിട്ടുള്ള പ്രവൃത്തി നിർവ്വഹിച്ച ഏകദേശ തീയ്യതിയോ കാലയളവോ ഉൾപ്പെടെ അതിന്റെ സ്വഭാവവും വിവരണവും വിശദാംശങ്ങളും :

6. പരാതിയുമായി ബന്ധപ്പെട്ട വസ്തുതകളെ സംബന്ധിച്ച് അറിവുള്ള മറ്റുവ്യക്തികളെ (ഉണ്ട് എങ്കിൽ) ലോക് ആയുക്തയെയോ ഉപലോക് ആയുക്തയെയോ കൊണ്ട് വിളിപ്പിക്കുന്നതിന് പരാതിക്കാരൻ താല്പര്യപ്പെടുന്നുവെങ്കിൽ അവരുടെ പേരും വിലാസവും :

7. പരാതിയോടൊപ്പം ബോധിപ്പിച്ച രേഖകൾ :

സ്ഥലം :

തീയ്യതി: പരാതിക്കാരന്റെ ഒപ്പ്

പരാതിയിലെ ---- ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുള്ളവ എന്റെ/ ഞങ്ങളുടെ അറിവിൽപ്പെടിടത്തോളം സത്യവും ---- ഖണ്ഡികയിൽ പ്രസ്താവിക്കപ്പെട്ടവ എന്റ/ ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്നു വിശ്വസിക്കുന്നതായും ഞാൻ/ഞങ്ങൾ ഇതിനാൽ പ്രസ്താവിക്കുന്നു.

ഒപ്പ് :

തീയ്യതി :

ലോക് ആയുക്ത മുമ്പാകെ ബോധിപ്പിക്കുന്ന എല്ലാ പരാതികളും രേഖകളും ഒരേ പോലുള്ള നാല് പകർപ്പുകൾ ഉൾപ്പെടുന്നതും എത്ര പൊതുപ്രവർത്തകർക്കെതിരെയാണോ പരാതിയിൽ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് അവർക്ക് നല്കുന്നതിനായി അത്രയും അധിക കോപ്പികളും അടക്കം ചെയ്തിരിക്കേണ്ടതുമാണ്. കൂടാതെ, പരാതിക്കാരന്റെ ഒരു സത്യവാങ്മൂലവും പരാതിയോടൊപ്പം ബോധിപ്പിച്ചിരിക്കണം. ഇപ്രകാരം

ബോധിപ്പിക്കുന്ന സത്യവാങ്മൂലം കേരള സിവിൽ റൂൾസ് ഓഫ് പ്രാക്ടീസിൽ പ്രസ്താവിച്ച പ്രകാരമുള്ളതും സാക്ഷ്യപ്പെടുത്തിയതുമായിരിക്കണം.

പരാതിക്കാരൻ ഏതെങ്കിലും രേഖകളെ ആശ്രയിക്കുന്നുവെങ്കിൽ അത്തരം രേഖയുടെയോ, രേഖകളുടെയോ നാലു കോപ്പികളും, ബോധിപ്പിച്ചിട്ടുള്ള പരാതിയിൽ എത്ര പൊതുപ്രവർത്തകർക്കെതിരെയാണോ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് അവർക്കു നല്കുന്നതിനായി അത്രയും എണ്ണം അധികകോപ്പികളും സമർപ്പിച്ചിരിക്കണം.

ലോക് ആയുക്തക്കോ ഉപലോക് ആയുക്തക്കോ ഉള്ള എല്ലാ പരാതികളും ലോക്ആയുക്തയുടെ സെക്രട്ടറി മുമ്പാകെ നേരിട്ട് സമർപ്പിക്കാവുന്നതോ രജിസ്ട്രേഡ് തപാൽ മുഖേന അയക്കാവുന്നതോ ആണ്. നിയമത്തിലോ ചട്ടത്തിലോ കൊടുത്തിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായല്ലാതെ ബോധിപ്പിക്കുന്ന പരാതി ഫയലിൽ സ്വീകരിക്കുന്നതല്ല. എന്നിരുന്നാലും ലോക് ആയുക്തയെയോ ഉപലോക് ആയുക്തയെയോ നിർദ്ദേശിക്കുന്ന സമയപരിധിക്കകവും രീതിയിലും പരാതിയിലെ തകരാറുകൾ പരിഹരിക്കുന്നതിന് പരാതിക്കാരന് ഒരു അവസരം നൽകാവുന്നതാണ്.

ലോക് ആയുക്തയുടെ റിപ്പോർട്ട്

ഏതെങ്കിലും നടപടിയിന്മേൽ നിവൃത്തിയാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന ഒരു പരാതിയിൽ അന്വേഷണം നടത്തുന്ന പക്ഷം നടത്തിയ ശേഷം അത്തരം നടപടി പരാതിക്കാരനോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്കോ അനീതിയോ കാര്യമായ കഷ്ടനഷ്ടങ്ങളോ ഉണ്ടാക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് ലോക് ആയുക്തക്കോ ഒരു ഉപലോക് ആയുക്തക്കോ ബോധ്യമാകുന്ന പക്ഷം പ്രസ്തുത ലോക് ആയുക്തയോ ഉപലോക് ആയുക്തയോ ഇതു സംബന്ധിച്ച് രേഖാമൂലം ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇങ്ങിനെ തയ്യാറാക്കുന്ന റിപ്പോർട്ടിൽ അത്തരം അനീതിയോ കഷ്ടനഷ്ടങ്ങളോ ഏതുരീതിയിലും എത്രസമയത്തിനുള്ളിലും പരിഹരിക്കണമെന്നോ ഇല്ലാതാക്കണമെന്നോ വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട യുക്താധികാരിക്ക് ശുപാർശ നല്കേണ്ടതും ആയത് പരാതിക്കാരനെ അറിയിച്ചിരിക്കേണ്ടതുമാണ്. ഇങ്ങിനെ ഒരു റിപ്പോർട്ട് യുക്താധികാരിക്ക് അയച്ചുകൊടുക്കപ്പെട്ടാൽ അത് ലഭിച്ച യുക്താധികാരി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കാലപരിധി കഴിഞ്ഞ് ഒരു മാസത്തിനകം ആ റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടികളെന്തൊക്കെയെന്ന് ഇതുമായി ബന്ധപ്പെട്ട ലോക് ആയുക്തയെയോ ഉപലോക് ആയുക്തയെയോ അറിയിച്ചിരിക്കുകയോ, അറിയിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പൊതുപ്രവർത്തകരുടെ യുക്താധികാരി ആര് എന്നത് പിന്നീട് വിശദമാക്കാം.

ഏതെങ്കിലും നടപടിയെ സംബന്ധിച്ച ആരോപണമുൾക്കൊള്ളുന്ന പരാതിയിന്മേൽ അന്വേഷണം നടത്തിക്കഴിഞ്ഞതിനുശേഷം അത്തരം ആരോപണം മുഴുവനായോ ഭാഗികമായോ നിലനില്ക്കത്തക്കതാണെന്ന് ലോക്ആയുക്തക്കോ ഉപലോക് ആയുക്തക്കോ ബോധ്യപ്പെടുന്ന പക്ഷം അതിന്റെ കണ്ടെത്തലുകളും ശുപാർശകളും പ്രസക്തമായ രേഖകളും റിപ്പോർട്ട് നല്കിയിരിക്കേണ്ടതും റിപ്പോർട്ട് നല്കിയ വിവരം പരാതിക്കാരനെ അറിയിച്ചിരിക്കുകയും വേണം. പ്രസ്തുത റിപ്പോർട്ട് ലഭിച്ച യുക്താധികാരി ആ റിപ്പോർട്ട് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടതോ കൈക്കൊള്ളാനുദ്ദേശിക്കുന്നതോ ആയ നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ച തീയ്യതി മുതൽ മൂന്നു മാസത്തിനകം ഇതുമായി ബന്ധപ്പെട്ട ലോക്ആയുക്തയെ അല്ലെങ്കിൽ ഉപലോക് ആയുക്തയെ അറിയിച്ചിരിക്കണം. ലോക് ആയുക്തയുടെയോ, ഉപലോക് ആയുക്തയുടെയോ ശുപാർശകളിന്മേലോ കണ്ടെത്തലുകളിന്മേലോ കൈക്കൊണ്ടിട്ടുള്ളതോ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളിന്മേൽ ലോക് ആയുക്ത അല്ലെങ്കിൽ ഉപലോക് ആയുക്ത തൃപ്തമാണെങ്കിൽ പരാതിക്കാരനെയും പൊതുപ്രവർത്തകനെയും ബന്ധപ്പെട്ട യുക്താധികാരിയെയും അറിയിച്ചുകൊണ്ട് കേസ് അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ, മേൽക്കാര്യത്തിൽ ലോക് ആയുക്തയോ ഉപലോക് ആയുക്തയോ തൃപ്തമല്ലാതിരിക്കുകയും പ്രസ്തുത കേസ് വളരെയേറെ പരിഗണനയർഹിക്കുന്നതാണെന്ന് കരുതുകയും

ചെയ്യുന്ന പക്ഷം കേസിനെ സംബന്ധിച്ച് ഗവർണർക്ക് ഒരു പ്രത്യേക റിപ്പോർട്ട് നല്കാവുന്നതും കേസുമായി ബന്ധപ്പെട്ട യുക്താധികാരിയെയും പരാതിക്കാരനെയും വിവരം അറിയിക്കാവുന്നതാണെന്ന് 12(5) വകുപ്പിൽ പ്രസ്താവിക്കുന്നു.

ലോക് ആയുക്തയും ഉപലോക് ആയുക്തമാരും അവരുടെ ചുമതലകൾ നിർവ്വഹിച്ചതിനെ സംബന്ധിച്ച ഒരു സമീക്യത റിപ്പോർട്ട് വർഷം തോറും ലോക് ആയുക്ത സംസ്ഥാനഗവർണർക്ക് സമർപ്പിച്ചിരിക്കണമെന്ന് കേരള ലോക് ആയുക്ത നിയമത്തിലെ 12(6)-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. മുകളിൽ പ്രസ്താവിച്ച പ്രകാരം കേരള ലോക് ആയുക്തനിയമത്തിലെ 12(5) വകുപ്പു പ്രകാരമുള്ള പ്രത്യേക റിപ്പോർട്ടോ 12(6) വകുപ്പു പ്രകാരമുള്ള വാർഷിക റിപ്പോർട്ടോ ലഭിച്ചുകഴിഞ്ഞാൽ ആയതിന്റെ ഒരു പകർപ്പ് ഗവർണറുടെ വിശദീകരണ റിപ്പോർട്ട് സഹിതം നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുന്നതിനായി നൽകേണ്ടതാണ്.

ലോക് ആയുക്തയോ ഒരു ഉപലോക് ആയുക്തയോ അവസാനിപ്പിച്ചതോ തീർപ്പുകല്പിച്ചതോ ആയ കേസുകളിൽ സാധാരണയായോ പൊതുവായോ വൈജ്ഞാനികപരമായോ തൊഴിൽപരമായോ താല്പര്യമുണ്ടെന്ന് തോന്നുന്നതും ഏതെങ്കിലും വ്യക്തികൾക്ക് ഏതെങ്കിലും രീതിയിൽ ഉപയോഗപ്രദമായതും ഉചിതമെന്നു തോന്നുന്നതുമായ കേസുകളുടെ ഒരു സംക്ഷിപ്തം ലോക് ആയുക്തയോ ഉപലോക് ആയുക്തയോ കാലാകാലങ്ങളിൽ ലഭ്യമാക്കുകയും വേണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകരും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അഴിമതിയോ ദുർഭരണമോ ക്രമക്കേടോ ഉൾപ്പെടുന്ന ഒരു പ്രവൃത്തി ചെയ്തുവെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തി തീർപ്പു കല്പിക്കുന്നതിനു വേണ്ടി സംസ്ഥാനതലത്തിൽ രൂപം കൊടുത്ത അധികാരസ്ഥാപനമാണ് അധികാരസ്ഥാപനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരോ ഓഫീസർമാരോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് മാറ്റപ്പെട്ട ഏതെങ്കിലും ഓഫീസുകളിലോ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്ന ജീവനക്കാരോ ഓഫീസർമാരോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡണ്ട് അഥവാ ചെയർപേഴ്സൺ ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവരെയാണ് ഈ നിയമപ്രകാരം പൊതുപ്രവർത്തകർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 271 ജി വകുപ്പ് പ്രകാരമാണ് സംസ്ഥാനത്ത് ഓംബുഡ്സ്മാനെ നിയമിക്കുന്നത്. ഈ വകുപ്പനുസരിച്ച് 29-5-2000 ത്തിന് പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ സംസ്ഥാനത്ത് ഒരു ഓംബുഡ്സ്മാന് രൂപം കൊടുക്കുകയുണ്ടായി. തുടക്കത്തിൽ ഏഴ് അംഗങ്ങൾ ഉള്ള ഒരു സംവിധാനമാണ് നടപ്പിൽ വന്നതെങ്കിലും നിയമത്തിൽ വരുത്തിയ ഒരു ഭേദഗതി പ്രകാരം 14-9-01 മുതൽ ആ സംവിധാനം ഇല്ലാതായി. പകരം ഏകാംഗ ഓംബുഡ്സ്മാൻ നിലവിൽ വന്നു. പിന്നീട് ഈ നിയമത്തിൽ ഭേദഗതി വരുത്തുകയും പ്രസ്തുത ഭേദഗതി 14-9-2007ന് പ്രാബല്യത്തിൽ വരികയും ചെയ്തു. ഇതനുസരിച്ച്, മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം ഹൈക്കോടതി ജഡ്ജിയായിരുന്ന ഒരാളെ ഗവർണറാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്. ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്ന വ്യക്തി സ്ഥാനമേറ്റെടുക്കുന്നതിന് മുമ്പ് ഗവർണ്ണർ മുമ്പാകെയോ ഇക്കാര്യത്തിനായി ഗവർണ്ണറായി നിയമിക്കപ്പെടുന്ന മറ്റൊരു വ്യക്തി മുമ്പാകെയോ ഈ നിയമത്തിലെ 271 ജി വകുപ്പിലെ 3-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള മാതൃകയിൽ ഒരു പ്രതിജ്ഞയെടുത്തിരിക്കണം.

ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്ന വ്യക്തി സ്ഥാനമേറ്റെടുക്കുന്നതിന് മുതൽ മൂന്നു മാസക്കാലം പ്രസ്തുത സ്ഥാനത്തു തുടരാവുന്നതാണ്. എന്നിരുന്നാലും സ്വന്തം കൈപ്പടയിൽ രാജിക്കത്തെഴുതി ഗവർണർക്കു സമർപ്പിച്ചുകൊണ്ട് ഓംബുഡ്സ്മാൻ തത്സ്ഥാനം രാജിവെക്കാം. കൂടാതെ ഈ നിയമത്തിലെ 271 എച്ച് വകുപ്പനുസരിച്ച് ഓംബുഡ്സ്മാനായി നിയമിക്കപ്പെട്ടയാളെ സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതുമാണ്. ഓംബുഡ്സ്മാനായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് ഒരു ഹൈക്കോടതി ജഡ്ജിക്ക് ലഭിക്കുന്നതിന് സമാനമായ ശമ്പളവും അലവൻസുകളും ലഭിക്കുവാൻ അർഹതയുണ്ട്. ഓംബുഡ്സ്മാൻ എന്ന നിലയിലുള്ള സേവനകാലാവധിക്കു ശേഷം ഓംബുഡ്സ്മാനായി വീണ്ടും നിയമിക്കപ്പെടുന്നതിനോ അല്ലെങ്കിൽ കേരള സർക്കാറിന് കീഴിലോ കേരളസർക്കാറിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും കോർപ്പറേഷനിലോ കമ്പനിയിലോ സൊസൈറ്റിയിലോ സർവ്വകലാശാലയിലോ പ്രതിഫലം പറ്റുന്ന ഒരു പദവിയിൽ നിയമിക്കപ്പെടുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

ഓംബുഡ്സ്മാന്റെ ചുമതലകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാനിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ താഴെ കൊടുത്തിരിക്കുന്നവയാണ്. ഇവ പൂർണ്ണമായോ ഏതെങ്കിലും ചിലതു മാത്രമായോ നിർവ്വഹിക്കുകയെന്നത് ഓംബുഡ്സ്മാന്റെ കടമയാണ്.

1. ഒരു പരാതിയിലോ ഗവൺമെന്റിന്റെ പരാമർശത്തിലോ ഉൾപ്പെട്ടിട്ടുള്ളതോ ഓംബുഡ്സ്മാന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതോ ആയ ഒരു ആരോപണത്തെക്കുറിച്ച് അന്വേഷിക്കുക.

2. ഒരു പൊതുപ്രവർത്തകന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ പേരിൽ അഴിമതിയോ ദുർഭരണമോ ആരോപിക്കപ്പെടുന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുക.

3. ആരോപണത്തിന്മേൽ താഴെ കൊടുത്തിരിക്കുന്ന രീതിയിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കൽ

(എ) ഒരു പൊതുപ്രവർത്തകൻ ചെയ്ത ക്രമക്കേടിൽ ഒരു ക്രിമിനൽ കുറ്റം ഉൾപ്പെടുന്നുവെങ്കിൽ പ്രസ്തുത കേസ് യുക്തമായ അധികാരിക്ക് അന്വേഷണത്തിന് വേണ്ടി റഫർ ചെയ്യുക.

(ബി) ക്രമക്കേട് മൂലം ഒരു പൗരന് നഷ്ടം ഉണ്ടാകാനിടയായിട്ടുണ്ടെങ്കിൽഅയാൾക്ക് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും അത്തരം നഷ്ടം പ്രസ്തുത ക്രമക്കേടിന് കാരണക്കാരനായ വ്യക്തിയിൽ നിന്നും വസൂലാക്കുന്നതിന് ഉത്തരവിടുകയും ചെയ്യുക.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പണം നഷ്ടപ്പെടുത്തിയതോ പാഴാക്കപ്പെട്ടതോ ദുരുപയോഗം ചെയ്യപ്പെട്ടതോ ഉൾക്കൊള്ളുന്നതാണ് ക്രമക്കേടെങ്കിൽ ഇതുമൂലമുണ്ടായ നഷ്ടം അത്തരം ക്രമക്കേടിന് ഉത്തരവാദിയായവരിൽ നിന്നും സൂൽ ചെയ്യുന്നതിന് ഉത്തരവിടുക.

(ഡി) ഉപേക്ഷയോ നിഷ്ക്രിയത്വമോ കാരണമാണ് ക്രമക്കേട് സംഭവിച്ചതെങ്കിൽ ഉപേക്ഷ ഇല്ലാതാക്കുന്നതിനും തെറ്റുതിരുത്തുന്നതിനും നടപടി സ്വീകരിക്കുക.

മുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ചുമതലകൾക്ക് പുറമെ പരായിൽ ആരോപിക്കപ്പെടുന്ന പ്രവൃത്തി കാരണം പരാതിക്കാരന് വളരെയേറെ നഷ്ടമോ ഹാനിയോ സംഭവിക്കാനിടയാകുന്നതിന് കാരണമാകുമെന്ന് ഓംബുഡ്സ്മാന് തോന്നുന്ന പക്ഷം പരാതിക്കാരന്റെ താല്പര്യത്തിന് ദോഷകരമായ എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നതിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനത്തെ വിലക്കുന്നതിനും ഓംബുഡ്സ്മാന് ഇടക്കാലത്ത് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 271 ജെ (2) വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു.

കൂടാതെ വ്യക്തപരമായ നേട്ടത്തിന് വേണ്ടി നടത്തിയ അഴിമതി പ്രവൃത്തികൾ ഉൾക്കൊള്ളുന്നതാണ് ആരോപിക്കപ്പെടുന്ന ക്രമക്കേടെന്ന് ഓംബുഡ്സ്മാൻ അഭിപ്രായപ്പെടുകയാണെങ്കിൽ നഷ്ടപരിഹാരം കൂടാതെ പിഴ ശിക്ഷയും ചുമത്തുന്നതിന് ഓംബുഡ്സ്മാന് ഉത്തരവിടാവുന്നതാണെന്ന് 271 ജെ (3) ഉപവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു.

ഓംബുഡ്സ്മാന്റെ അധികാരങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അന്വേഷണമോ വിചാരണയോ നടത്തുന്നതിന് ഓംബുഡ്സ്മാനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളെന്തൊക്കെയെന്ന് ഈ നിയമത്തിലെ 271 കെ വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതനുസരിച്ച് ഒരു അന്യായം വിചാരണചെയ്യുമ്പോൾ 1908 ലെ സിവിൽ നടപടി നിയമപ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ അധികാരങ്ങളും താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓംബുഡ്സ്മാനും ഉണ്ടായിരിക്കുന്നതാണ്.

എ) ഏതെങ്കിലും സാക്ഷിയെയും വിളിച്ചുവരുത്തുന്നതിനും അയാളെ വിസ്തരിക്കുന്നതിനും

ബി) ഏതെങ്കിലും രേഖകൾ കണ്ടെടുക്കുന്നതിനോ ഹാജരാക്കുന്നതിനോ ആവശ്യപ്പെടുന്നതിന്

സി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ എന്തെങ്കിലും പൊതുരേഖകളോ അവയുടെ പകർപ്പോ ആവശ്യപ്പെടുന്നതിന്.

ഇ) സാക്ഷി വിസ്താരത്തിനു വേണ്ടി കമ്മീഷനുകൾ പുറപ്പെടുവിക്കുന്നതിന്.

എഫ്) നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മറ്റു അധികാരങ്ങൾ

ഓംബുഡ്സ്മാൻ മുമ്പാകെ നല്കുന്ന പരാതികൾ വ്യക്തമായ തെളിവുകളോടു കൂടിയതും ഗൗരവസ്വഭാവമുള്ളതുമായിരിക്കണം. നേരെ മറിച്ച്, ഓംബുഡ്സ്മാൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള പരാതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമോ നിസ്സാരസ്വഭാവത്തോടു കൂടി

യതോ ആണെന്ന് ഓംബുഡ്സ്മാൻ കാണുന്ന പക്ഷം എതൃകക്ഷിക്കുണ്ടായിട്ടുള്ള ചെലവിലേക്ക് അതിന്റെ ഉത്തരവിൽ പ്രസ്താവിച്ച പ്രകാരമുള്ള ഒരു സംഖ്യ എതൃകക്ഷിക്ക് നൽകുന്നതിന് പരാതിക്കാരന് നിർദ്ദേശം നല്കിക്കൊണ്ട് ഓംബുഡ്സ്മാന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ നഷ്ടം ധൂർത്ത്, ദുർവിനിയോഗം എന്നിവയെ സംബന്ധിച്ചോ, ഒരു പൗരന് ഉണ്ടായിട്ടുള്ള നഷ്ടമോ അസൗകര്യമോ സംബന്ധിച്ചോ ഉള്ള ആരോപണങ്ങളാണ് പരാതിയിൽ ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ വിചാരണ സമയത്ത് ഓംബുഡ്സ്മാന് ഇതു സംബന്ധിച്ച തെളിവുകൾ ശേഖരിക്കാവുന്നതും നഷ്ടം നിർണ്ണയിക്കാവുന്നതും ഉത്തരവാദിയായിരിക്കുന്ന വ്യക്തിയിൽ നിന്നും പ്രസ്തുത നഷ്ടം വസൂലാക്കുന്നതിന് അതിന്റെ ഉത്തരവിൽ നിർദ്ദേശം നല്കാവുന്നതുമാണ്.

മുകളിൽ പ്രസ്താവിച്ചിരിക്കുന്നതും ഓംബുഡ്സ്മാന്റെ ഉത്തരവു പ്രകാരമുള്ളതുമായ സംഖ്യ അതിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം നല്കിയിട്ടില്ലായെങ്കിൽ ഭൂനികുതിയിലുള്ള കുടിശ്ശികയിന്മേൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതുപോലെ ഇതും റവന്യൂറിക്കവറി നടപടി വഴി വസൂൽ ചെയ്യാവുന്നതാണ്.

പരാതിയുടെ മാതൃക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ ബോധിപ്പിക്കുന്ന പരാതികൾ രേഖാമൂലമായിരിക്കേണ്ടതും കഴിവതും 1999ൽ രൂപം കൊടുത്ത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള (പരാതികളുടെ വിചാരണയും സേവനവയവസ്ഥകളും) ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന 'ഫോറം എ' യിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തയ്യാറാക്കാവുന്നതുമാണ്.

ഫോറം എ

(ചട്ടം 7 കാണുക)

1994ലെ കരള പഞ്ചായത്ത് രാജ് നിയമത്തിലെ 271 ജി വകുപ്പനുസരിച്ച് രൂപം കൊടുത്ത തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ

പരാതി നമ്പർ .....

പരാതിക്കാരന്റെ പേരും മേൽവിലാസവും : പരാതിക്കാരൻ

എതൃകക്ഷിയുടെ പേരും മേൽവിലാസവും : എതൃകക്ഷി/ എതൃകക്ഷികൾ

1. പരാതിക്കാരന്റെ പേര് :

2. അച്ഛന്റെ ഭർത്താവിന്റെ പേര് :

3. (എ) പ്രായം :

   (ബി) തൊഴിൽ :

4. സ്ഥിരമേൽവിലാസം :

   (എ) പേര് :

   (ബി) വീട്ടുപേര്/നമ്പർ :

   (സി) വില്ലേജ് :

   (ഡി) പോസ്റ്റ് ഓഫീസ് :

   (ഇ) താലൂക്ക് :

   (എഫ്) ജില്ല :

5. പരാതിയുടെ സ്വഭാവവും വിശദീകരണവും വിശദാംശങ്ങളും :

6. പരാതിയെ സംബന്ധിച്ച വസ്തുത അറിയാമെന്ന് പരാതിക്കാരൻ കരുതുന്നതും ഓംബുഡ്സ്മാൻ മുമ്പാകെ വിളിപ്പിക്കുവാൻ ആഗ്രഹിക്കുന്നതുമായ വ്യക്തികളുടെ (ഉണ്ടെങ്കിൽ) പേരും വിലാസവും :

7. പരാതിയോടൊപ്പം ഹാജരാക്കിയ രേഖകളുടെ വിവരണം :

1.

2.

3.

4.

5.

സ്ഥലം:

തീയതി: പരാതിക്കാരന്റെ ഒപ്പ്

മുകളിൽ കൊടുത്തിരിക്കുന്ന വസ്തുതകൾ എന്റെ/ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഇതിനാൽ പ്രസ്താവിക്കുന്നു.

ഒപ്പ്

തീയതി:

മുകളിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ പരാതി വെള്ളക്കടലാസിൽ തയ്യാറാക്കി ഓംബുഡ്സ്മാന് സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പരാതിയോടൊപ്പം പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും അയാളുടെ വിശ്വാസത്തിലും അറിവിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന ഒരു സത്യപ്രസ്താവന കൂടി ഉൾപ്പെടുത്തിയായിരിക്കണം സമർപ്പിക്കേണ്ടത്.

ഓരോ പരാതിയോടൊപ്പവും പരാതിയിൽ എത്ര എതൃകക്ഷികളാണോ ഉള്ളത് അത്രയും പകർപ്പുകൾ കൂടി സമർപ്പിച്ചിരിക്കണം.

പരാതിക്കാരൻ ഏതെങ്കിലും രേഖ ഹാജരാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ പ്രസ്തുത രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ നാലു പകർപ്പുകളും പരാതിയിലുള്ള എതൃകക്ഷികളുടെ എണ്ണത്തിനനുസരിച്ച് അത്രയും എണ്ണം അധിക പകർപ്പുകളും പരാതിയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഗവൺമെന്റിനുവേണ്ടി ഫയൽചെയ്യുന്ന പരാതികൾക്കും ഈ വ്യവസ്ഥകൾ ബാധകമാണ്.

ഓംബുഡ്സ്മാൻ മുമ്പാകെ ബോധിപ്പിക്കുന്ന എല്ലാ പരാതികളും ഓംബുഡ്സ്മാന്റെ സെക്രട്ടറിയുടെ മുമ്പാകെ നേരിട്ടോ രജിസ്ട്രേഡ് പോസ്റ്റ് മുഖാന്തിരമോ ഫയൽചെയ്യാവുന്നതാണ്.

അപേക്ഷാ ഫീസ്

ഓംബുഡ്സ്മാൻ മുമ്പാകെ നല്കുന്ന പരാതിയുടെ ഫീസായി പരാതിക്കാരൻ ഓരോ പരാതിയുടെ മുകളിലും പത്തുരൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം. എന്നാൽ ഗവൺമെന്റിന് വേണ്ടി അധികാരപ്പെടുത്തിയ ഒരു വ്യക്തി ഫയൽ ചെയ്യുന്ന പരാതിക്ക് ഫീസ് ആവശ്യമില്ല.

ഫോറം ബി

(ചട്ടങ്ങൾ 13-26 കാണുക)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ പരാതി രജിസ്റ്റർ

ക്രമ നമ്പർ	പരാതി രജിസ്റ്റർ ചെയ്ത തീയ്യതി	പരാതിക്കാരന്റെ പേരും മേൽവിലാസവും	എതൃകക്ഷികളുടെ പേരും മേൽവിലാസവും	പരാതിയുടെ ചുരുക്കം	ഇടക്കാല ഉത്തരവിന്റെ തീയതിയും ചുരുക്കവും	അന്തിമ ഉത്തരവിന്റെ തീയതി	ഉത്തരവിന്റെ ചുരുക്കം	ഓംബുഡ്സ്മാന്റെ ഒപ്പ്	അഭിപ്രായക്കുറിപ്പ്
1	2	3	4	5	6	7	8	9	10

ഫോറം സി

(ചട്ടം 13 കാണുക)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ തിരുവനന്തപുരം

രശീതി

..... തീയതിയിലെ താങ്കളുടെ പരാതി ..... തീയതി ലഭിച്ചിരിക്കുന്നു. ആയത് പരാതി നമ്പർ ...../ ..... (വർഷം) ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു.

സ്ഥലം :
തീയതി :

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു
വേണ്ടിയുള്ള ഓംബുഡ്സ്മാനു വേണ്ടി
സെക്രട്ടറി

ഒരു പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി പരാതിക്കാരന് കൈപ്പറ്റുരശീത് നല്കിക്കഴിഞ്ഞാൽ, ഓംബുഡ്സ്മാൻ, പരാതിയുടെയും പ്രസക്തമായ രേഖകളുടെയും പകർപ്പുകൾ സഹിതം എതൃകക്ഷിക്ക് നോട്ടീസ് നൽകിയിരിക്കണം. പ്രസ്തുത നോട്ടീസിൽ പരാതിയിന്മേൽ എതൃകക്ഷിക്കുള്ള മറുപടിയും ബന്ധപ്പെട്ട രേഖകളും നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കുന്നതിനും, അല്ലാത്ത പക്ഷം പരാതി എക്സ്പാർട്ടിയായി തീർപ്പുകൽപ്പിക്കുന്നതാണെന്നും അറിയിച്ചിരിക്കണം.

പരാതിക്കടിസ്ഥാനമായ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നത് താത്ക്കാലികമായി സസ്പെൻഡ് ചെയ്യേണ്ടത് നീതി സംരക്ഷണത്തിന് അനിവാരൃമാണെന്ന് ഓംബുഡ്സ്മാന് തൃപ്തികരമായി ബോധ്യപ്പെടുന്ന പക്ഷം പ്രവൃത്തി ഓംബുഡ്സ്മാൻ സസ്പെൻഡ് ചെയ്യുന്നതാണ്. ഓംബുഡ്സ്മാന്റെ ഈ ഉത്തരവ് അനുസരിക്കാൻ ബന്ധപ്പെട്ട എല്ലാ പാർട്ടികളും ബാധ്യസ്ഥരാണ്.

അന്വേഷണം (Investigation)

കേരള പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കുന്ന എല്ലാ പരാതികളിലും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ഓംബുഡ്സ്മാൻ അന്വേഷണം നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ മറ്റെന്തൊക്കെ തന്നെ ഉൾപ്പെട്ടിരുന്നാലും ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെതിരായോ, ഒരു പൊതുപ്രവർത്തകനെതിരായോ, അഴിമതിയെ സംബന്ധിച്ചോ ദുർഭരണത്തെ സംബന്ധിച്ചോ ഉള്ള ആരോപണം ഗവൺമെന്റിന്റെ അറിവിൽപ്പെടുകയോ ശ്രദ്ധയിൽക്കൊണ്ടുവരികയോ ചെയ്യപ്പെട്ടാൽ ഗവൺമെന്റ് അത് ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിടേണ്ടതും ഓംബുഡ്സ്മാൻ അതിൻമേൽ ഈ നിയമപ്രകാരം സമർപ്പിക്കപ്പെട്ട ഒരു പരാതിയിലേതുപോലെ അന്വേഷണം നടത്തുകയും വേണം.

ഒരു പരാതി ലഭിച്ചുകഴിഞ്ഞാൽ ഓംബുഡ്സ്മാൻ അതിന്മേൽ അന്വേഷണം നടത്തേണ്ടതും ആയതിൽ പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു കാണുന്ന പക്ഷം വിശദമായി വിചാരണ നടത്തേണ്ടതുമാണ്.

അന്വേഷണ രീതിയും നടപടിക്രമങ്ങളും

ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്ന പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന ഏതെങ്കിലും കാരൃത്തെ സംബന്ധിച്ച് ഏതെങ്കിലും പോലീസ് ഓഫീസറോ മറ്റു ഗവൺമെന്റ് ഉദ്യോഗസ്ഥരോ ഏതെങ്കിലും സാങ്കേതിക വിദഗ്ധരോ അന്വേഷണം നടത്തേണ്ടത് അനിവാരൃമാണെന്ന് ഓംബുഡ്സ്മാന് തോന്നുകയാണെങ്കിൽ ആയത് പോലീസ് ഓഫീസറുടെയോ ഗവൺമെന്റ് ഓഫീസർമാരുടേയെ ഏതെങ്കിലും സാങ്കേതിക വിദഗ്ധരുടേയോ അന്വേഷണത്തിന് വിധേയാക്കാവുന്നതാണ്. ഇവരിൽ നിന്ന് ലഭിക്കുന്ന അന്വേഷണറിപ്പോർട്ട് പ്രസ്തുത പരാതി തീർപ്പാക്കുന്നതിൽ ഓംബുഡ്സ്മാന് പരിഗണിക്കാം. പരാതിയിൽ ഉൾപ്പെട്ടിട്ടുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ കെട്ടിടമോ ഓഫീസറോ സ്ഥലമോ അന്വേഷണത്തിന്റെ ഭാഗമായി ഓംബുഡ്സ്മാന് സന്ദർശിക്കാവുന്നതാണ്.

ഓംബുഡ്സ്മാന്റെ അന്വേഷണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടവ

താഴെകൊടുത്തിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട് ഓംബുഡ്സ്മാൻ അന്വേഷണം നടത്തുവാൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 271 എം(4) വകുപ്പിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

(എ) ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് ഔപചാരികമായ പൊതു അന്വേഷണം സർക്കാർ ഉത്തരവിട്ടിട്ടുണ്ടെങ്കിൽ അവ.

(ബി) പഞ്ചായത്ത് രാജ് നിയമത്തിലെ 271 എസ് വകുപ്പനുസരിച്ച് രൂപീകരിക്കപ്പെട്ട ട്രൈബ്യൂണലിൽ നിന്നും ഒരു പരിഹാരം ലഭ്യമാകുന്ന ഏതെങ്കിലും കാര്യം

(സി) 1952 ലെ അന്വേഷണ കമ്മീഷൻ നിയമപ്രകാരം ഒരു അന്വേഷണം ഉത്തരവായിട്ടുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചോ ഒരു കോടതി മുമ്പാകെ നിലവിലുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ചോ.

(ഡി) പരാതിക്കടിസ്ഥാനമായ സംഭവം നടന്ന തീയ്യതി മുതൽ 3 വർഷകാലപരിധി കഴിഞ്ഞതിനു ശേഷം സമർപ്പിക്കുന്ന ഏതെങ്കിലും പരാതി.

ഇവയിൽ പരാതിക്കടിസ്ഥാനമായ സംഭവം നടന്ന തീയ്യതി മുതൽ 3 വർഷക്കാലപരിധി കഴിഞ്ഞതിനു ശേഷവും സമർപ്പിക്കുന്ന പരാതികളിൽ മതിയായ കാരണങ്ങൾ കൊണ്ടാണ് നിശ്ചിത സമയപരിധിക്കകം പരാതി നല്കുവാൻ കഴിയാതെ വന്നതെന്ന് പരാതിക്കാരൻ തൃപ്തികരമായി ബോധ്യപ്പെടുത്തുന്ന പക്ഷം അത്തരം പരാതികളും ഓംബുഡ്സ്മാന് പരിഗണിക്കാവുന്നതാണ്.

ബാങ്കിംഗ് ഓംബുഡ്സ്മാൻ

അനുദിനം വികസിച്ചുവരുന്ന ബേങ്കിംഗ് മേഖലയുമായി ഇടപാടുകാർക്കുണ്ടാകാവുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ബേങ്കുകൾ ജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ എല്ലായ്പോഴും തൃപ്തികരമായിരിക്കണമെന്നില്ല. ചില അവസരങ്ങളിൽ ഇത് പരാതികൾക്ക് ഇടനൽകുന്നു. ബേങ്കുകൾ നൽകിവരുന്ന ചില സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ തീരുമാനമെടുക്കുന്നതിനും അത്തരം പരാതികൾ ഒത്തു തീർപ്പാക്കുകയോ അതിൻമേൽ തൃപ്തികരമായ നടപടികൾ സാധ്യമാക്കുകയോ ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടെ ആവിഷ്കരിച്ച പദ്ധതിയാണ് 2006ലെ ബേങ്കിംഗ് ഓംബുഡ്സ്മാൻ സ്കീം.

ഈ സ്കീമനുസരിച്ച് ഏതൊക്കെ ബേങ്കുകളുമായി ബന്ധപ്പെട്ട പരാതികളിൻമേൽ തീരുമാനമെടുക്കുന്നതിനാണ് ബേങ്കിംഗ് ഓംബുഡ്സ്മാന് അധികാരം സിദ്ധിച്ചിരിക്കുന്നത് എന്ന് ഇതിലെ 3-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത ഉപവകുപ്പനുസരിച്ച് 1949 ലെ ബേങ്കിംഗ് റഗുലേഷൻ നിയമത്തിലെ 5-ാം വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു ബേങ്കിംഗ് കമ്പനി, സമാനമായ ഒരു പുതിയ ബേങ്ക്, ഒരു മേഖലാ ഗ്രാമീണ ബേങ്ക്, സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യയുടെ അനുബന്ധ ബേങ്കുകൾ പ്രസ്തുത നിയമത്തിലെ 56-ാം വകുപ്പിലെ (സി) ഉപവകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ളതും 1934ലെ റിസർവ്വ് ബേങ്ക് ഓഫ് ഇന്ത്യ നിയമത്തിലെ രണ്ടാംപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു പ്രാഥമിക സഹകരണബേങ്ക് എന്നിവ ഈ സ്കീമനുസരിച്ച് ബേങ്ക് എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതും അവയുമായി ബന്ധപ്പെട്ട പരാതികൾ ബേങ്കിംഗ് ഓംബുഡ്സ്മാന്റെ അധികാരപരിധിയിൽ വരുന്നതുമായിരിക്കും. മുകളിൽ പ്രസ്താവിക്കപ്പെട്ട പ്രകാരമുള്ള ബേങ്കുകൾ ഇന്ത്യയിൽ ഇൻകോർപ്പറേറ്റ് ചെയ്തിരിക്കുന്നവയോ ഇന്ത്യക്ക് പുറത്ത് ഇൻകോർപ്പറേറ്റ് ചെയ്തവയോ ആകാവുന്നതും എന്നാൽ അവയ്ക്ക് ഇന്ത്യയിൽ ഒരു ബിസിനസ്സ് സ്ഥലം ഉള്ളവയുമാണെങ്കിൽ ഈ നിയമമനുസരിച്ച് ബേങ്കിംഗ് ഓംബുഡ്സ്മാന് അധികാരം ലഭിക്കുന്നതാണ്. മുകളിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു ബേങ്കിംഗ് സ്ഥാപനം ഇന്ത്യയിൽ നടത്തുന്ന ബിസിനസ്സുകാർക്ക് ഈ നിയമം ബാധകമായിരിക്കുന്നതും ഇന്ത്യയിൽ എല്ലായിടത്തും ഈ നിയമത്തിന് സാധുതയുണ്ടായിരിക്കുന്നതുമാണ്.